# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2634 — 06.02.2018-ൽ മറുപടിയ്ക്ക്

## പാറശ്ശാല മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് പാർലമെന്ററി പഠന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ.ഹരീന്ദ്രൻ** | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) വിദ്യാർത്ഥികൾക്ക് പാർലമെന്ററി അവബോധം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കയാണെന്ന് അറിയിക്കാമോ;<br><br>ബി) പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളിൽ ഒൻപത്, പതിനൊന്ന് എന്നീ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പാർലമെന്ററി അവബോധം വളർത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ സഹകരണത്തോടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാമോ? | (എ) യും (ബി) യും<br>വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്നതിനായി ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ/വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ/കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവയോടൊപ്പം യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ, ഹ്യൂമൺ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകൾ എന്നിവയും അദ്ധ്യയന വർഷാടിസ്ഥാനത്തിൽ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ ജില്ലാ/സംസ്ഥാനാടിസ്ഥാനത്തിൽ ജനാധിപത്യത്തെയും അനുബന്ധ വിഷയങ്ങളെയും സംബന്ധിച്ച പ്രശ്നോത്തരി, പ്രസംഗ മത്സരം, പ്രബന്ധ രചനാ മത്സരം എന്നിവയും നടത്തി വരുന്നു. പാറശ്ശാല മണ്ഡലത്തിലെ വിവിധ സ്കൂളുകൾ മേൽ പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്ന പക്ഷം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് അനുമതി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ